**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **28-06-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിലെ ആര്യങ്കോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി ഒറ്റശേഖരമംഗലത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ആണ് ഉള്ളത്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒറ്റശേഖരമംഗലം ഗവ. സ്കൂളിന് സമീപം കണ്ടെത്തിയ ഭൂമി പ്രസ്തുത പദ്ധതിയ്ക്ക് അനുയോജ്യമാണോയെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ നൽകുമോ; | (ബി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കു-ന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ടി സബ്സ്റ്റേഷനു വേണ്ടി അനുയോജ്യമായ മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഒന്ന് ഒറ്റശേഖരമംഗലം സ്കൂളിന് സമീപമാണ്. മൂന്ന് സ്ഥലങ്ങളുടെയും ഉടമസ്ഥരിൽ നിന്നും സമ്മതപത്രവും മറ്റു അനുബന്ധ രേഖകളും ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ പൂർത്തിയായിട്ടുള്ളതും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുള്ളതുമാണ്. നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി പദ്ധതിക്കായി ഏകദേശം 25 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നു |
| (ഡി) | സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | സബ്സ്റ്റേഷൻ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്. കെ.എസ്.ഇ.ബി-യ്ക്ക് നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ ഊർജിതമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ